(ബി) വിലയിരുത്തിയിട്ടുണ്ട്. ആയുർവേദ വകുപ്പിൽ ആശുപത്രികളിൽ കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ഹോമിയോപ്പതി വകുപ്പിൽ ആവിഷ്ക്കരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി ജില്ലാതലത്തിലും സംസ്ഥാനതലത്തിലും വിലയിരുത്തുന്നുണ്ട്. മെഡിക്കൽ കോളേജ് ആശുപത്രികളുടെ പ്രവർത്തനം പദ്ധതിപ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതോടൊപ്പം വിലയിരുത്താറുണ്ട്.

(സി) ആയുർവേദ വകുപ്പിൽ കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ വിലയിരുത്തിവരുന്നു.

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം ചെലവഴിച്ച തുകകൾ താഴെ രേഖപ്പെടുത്തുന്നു :-

ആയുർവേദം	15019000 രൂപ
ഹോമിയോപ്പതി	ഏകീകൃതമായ കണക്ക് ലഭ്യമല്ല. ഇതിനായി നടപടികൾ നടന്നു വരുന്നു.
ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള സ്ഥാപനങ്ങൾ :-	5641.34 ലക്ഷം രൂപ
മെഡിക്കൽ കോളേജ് ആശുപത്രികൾ	291.567 കോടി രൂപ (പദ്ധതി ഇതരം)
	115 കോടി (പദ്ധതി)

(ഇ) ആയുർവേദം - ജീവനക്കാർക്കുള്ള ശമ്പളം, രോഗികൾക്കുള്ള മരുന്ന്, ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ളവ - പ്രധാനമായും സാധനസാമഗ്രികൾ വാങ്ങുന്നതിനും തസ്തികകൾ സൃഷ്ടിക്കുവാനും നിർമ്മാണ പ്രവർത്തനങ്ങൾക്കും പരിശീലനപരിപാടികൾക്കുമാണ് ചെലവഴിച്ചിട്ടുള്ളത്.

മെഡിക്കൽ കോളേജ് :- ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും മരുന്ന് വാങ്ങുന്നതിനും യന്ത്രസമഗ്രികൾ റിപ്പയർ ചെയ്യുന്നതിനുമാണ് പദ്ധതിയേതര ഇനത്തിൽ ചെലവഴിച്ചത്. പദ്ധതിയിനത്തിൽ തുകചെലഴിച്ചത് നിർമ്മാണ പ്രവർത്തനങ്ങൾക്കും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനുമാണ്.

കായികരംഗത്തെ പുഷ്ടിപ്പെടുത്തുവാനുള്ള നടപടി

27 (*175) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായിക രംഗത്തെ പുഷ്ടിപ്പെടുത്തുവാൻ എന്തൊക്കെ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കായിക രംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിക്കാനുതകുന്ന ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളത് ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം, കായികരംഗത്തെ പുഷ്ടിപ്പെടുത്തുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട് :-

1. കേരള സ്പോർട്സ് ബിൽ നിയമമാക്കൽ.
2. സംസ്ഥാന കായിക ക്ഷമതാപദ്ധതി.
3. തായ്-കോൺ-ഡോ എന്ന ആയോധനകലാ പരിശീലനം.
4. കളരിപ്പയറ്റ് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ആയോധന കലാകേന്ദ്രങ്ങൾ.
5. ഗ്രാമപഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ പുനരുദ്ധാരണം.
6. അത്ലറ്റ്സ് ഇനങ്ങളിൽ മികവുള്ളവരെ കണ്ടെത്തി ദീർഘകാല പരിശീലനം നൽകുന്നതിലേക്കായി കോഴിക്കോട് ആരംഭിച്ചിട്ടുള്ള "ഉഷ സ്കൂൾ ഓഫ് അത്ലറ്റിക്സ്" സാമ്പത്തിക സഹായം.
7. ജില്ലകളിൽ കായിക താരങ്ങൾക്ക് ശുശ്രൂഷയും അറിവും നൽകുന്നതിലേയ്ക്കായി സ്പോർട്സ് മെഡിസിൻ സെന്ററുകൾ നിലവിലുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. മൂന്നാറിലെ ഹൈആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്റർ ഒന്നാംഘട്ടത്തിന്റെ പണി പൂർത്തിയാക്കുകയും, രണ്ടാം ഘട്ടപണികൾ ആരംഭിക്കുകയും ചെയ്തു.
2. തിരുവനന്തപുരത്തെ അന്തർദേശീയ നിലവാരത്തിലുള്ള ഒരു സ്വിമ്മിംഗ് പൂൾ നിർമ്മാണം അവസാന ഘട്ടത്തിലാണ്.
3. എല്ലാ ജില്ലകളിലും കേന്ദ്രീകൃത സ്പോർട്സ് ഹോസ്റ്റൽ.
4. അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു സ്വിമ്മിംഗ് പൂൾ ആലപ്പുഴയിൽ, കേന്ദ്ര സംസ്ഥാന സഹായത്തോടെ ഒന്നാംഘട്ട പണി പൂർത്തിയാക്കി പരിശീലനത്തിന് ഉപയോഗിച്ചു തുടങ്ങി.
5. ശംഖുംമുഖത്തെ ഇൻഡോർ റിക്രിയേഷൻ സെന്ററിന്റെ പുനരുദ്ധാരണം പൂർത്തിയാക്കി.
6. കേണൽ ജി. വി. രാജയുടെ ജന്മ സ്ഥലമായ പൂഞ്ഞാറിൽ ഒരു സ്പോർട്സ് കോംപ്ലക്സ്.
7. കേരള സ്പോർട്സ് കൗൺസിൽ ആസ്ഥാനത്ത്, ഇന്റർനെറ്റ് സൗകര്യത്തോടെയുള്ള കമ്പ്യൂട്ടർ സ്ഥാപിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

8. തിരുവനന്തപുരത്തെ പി.റ്റി. ഉഷ കോച്ചിംഗ് സെന്റർ എന്ന സെൻട്രലൈസ്ഡ് ഹോസ്റ്റൽ വിപുലീകരിച്ച് പരിശീലനത്തിനായി നൽകി.

മേൽപ്പറഞ്ഞ അടിസ്ഥാന സൗകര്യങ്ങളൊടൊപ്പം, താഴെപ്പറയുന്ന പരിശീലന പരിപാടികളും ധനസഹായപദ്ധതികളും നടപ്പിലാക്കി വരുന്നു.

1. തിരുവനന്തപുരം, കാസർകോഡ്, എന്നീ ജില്ലകളിലെ സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ പ്രവർത്തനം.
2. ദേശീയ/ദക്ഷിണ മേഖലാ മത്സരങ്ങൾക്ക് മുന്നോടിയായി കായിക താരങ്ങൾക്ക് പരിശീലന ക്യാമ്പുകൾ
3. ദേശീയ കോച്ചിംഗ് ക്യാമ്പുകൾക്ക് തെരഞ്ഞെടുക്കപ്പെടുന്ന വർക്ക് ഗ്രാന്റ്.
4. മേയ്ദിന കായിക മേളയുൾപ്പെടെ, ജില്ലാ സ്പോർട്സ് കൗൺസിലുകൾക്ക് ധനസഹായം.
5. 36 കളിയിനങ്ങളിലെ സംസ്ഥാന അസ്സോസിയേഷനുകൾക്ക് ഗ്രാന്റ്
6. ജില്ലാ ടീമുകൾക്ക് യാത്രാ ബത്ത, ദിനബത്ത എന്നീ ഇനത്തിൽ ധനസഹായം.
7. സ്പോർടസ് കൗൺസിലിലെ പരിശീലകർക്ക് റിഫ്രെഷർ കോഴ്സുകൾ.
8. എൻ.ഐ. എസ്. ട്രെയിനികൾക്കുള്ള ഗ്രാന്റ്.
9. സ്പോർട്സ് സ്ക്കൂൾ, കോളേജ് ഹോസ്റ്റൽ അന്തേവാസികൾക്ക് താമസ/ആഹാര ചെലവുകൾ വഹിക്കുന്നു.
10. സ്പോർട്സ് അസോസിയേഷനുകൾക്ക് കായിക ഉപകരണങ്ങൾ വാങ്ങി നൽകിവരുന്നു.
11. സ്പോർട്സ്/സ്പോർട്സ് താരങ്ങൾ എന്നീ കാര്യങ്ങളിൽ വിവരം നൽകുന്നതിന് രാജീവ് ഗാന്ധി ഇൻഫർമേഷൻ സെന്റർ എന്ന ഒരു സെന്റർ, കോഴിക്കോട് പ്രവർത്തനം ആരംഭിച്ചു.
12. ഓപ്പറേഷൻ ഒളിമ്പിയ പദ്ധതി.
13. റൂറൽ സ്പോർട്സ്/വനിതാ സ്പോർട്സ് മത്സരങ്ങൾ
14. എല്ലാ വർഷവും സമ്മർ കോച്ചിംഗ് ക്യാമ്പ്

LIBRARY ARCHIVES Kerala Legislative Assembly

15. കായികതാരങ്ങൾക്കും പരിശീലകർക്കും വിദേശത്തേക്കയച്ചും വിദഗ്ധ പരിശീലകരെ വരുത്തിയും പരിശീലനം നൽകുന്ന പദ്ധതി.

16. നാഷണൽ ഇൻഷ്വറൻസ് കമ്പനികളുടെ സഹായത്തോടെ, കായികതാരങ്ങൾക്കും സ്പോർട്സ് സ്കൂൾ/ഹോസ്റ്റൽ എന്നിവയിലുള്ള ഒഫീഷ്യൽസിനും ഇൻഷ്വറൻസ് പരിരക്ഷ നൽകിയിട്ടുണ്ട്.

17. ഇൻഡ്യയിലെ ഏറ്റവും കൂടുതൽ പ്രൈസ് മണി നൽകുന്ന കേരള ഗെയിംസ്.

18. നാഷണൽ ഗെയിംസ് മെഡൽ ജേതാക്കൾക്ക് അവാർഡ് സ്കീം.

19. മുൻ കായികതാരങ്ങൾക്ക് കായികതാര പെൻഷൻ നൽകിവരുന്നു.

മേൽപ്പറഞ്ഞവകൂടാതെ, സ്പോർട്സ് കൗൺസിലിന്റെ പരിഗണനയിലുള്ള പദ്ധതികൾ ഇനിപ്പറയുന്നവയാണ്. :-

1. പുതിയ കളിസ്ഥലങ്ങൾ
2. സ്പോർട്സ് അക്കാഡമികൾ
3. 2002, 2006 എന്നീ വർഷങ്ങളിലെ ഏഷ്യൻ ഗെയിംസിലേക്ക് കായിക താരങ്ങളെ തിരഞ്ഞെടുത്ത് വിദഗ്ധ പരിശീലനം നൽകൽ.

മഞ്ഞപ്പിത്ത രോഗം

28 (*176) ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മഞ്ഞപ്പിത്തരോഗം പിടിപെട്ട് കൂട്ടംകൂട്ടമായി ആളുകളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചതായ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഏതെല്ലാം പ്രദേശങ്ങളിലാണ് ഈ രോഗം പിടിപെട്ടിട്ടുള്ളത് ;

(സി) എത്രപേരെ ആശുപത്രികളിൽ ചികിത്സക്കായി പ്രവേശിപ്പിച്ചു ;

(ഡി) എല്ലാപേരും രോഗവിമുക്തരായിട്ടുണ്ടോ ; ഇല്ലെങ്കിൽ അവരുടെ സ്ഥിതി എന്താണ് ;

(ഇ) രോഗം വന്നതിന്റെ കാരണമെന്തെന്ന് അന്വേഷിച്ചിട്ടുണ്ടോ ; എങ്കിൽ എന്താണെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ഈ രോഗം കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly